**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 419**

**27.02.2018 ലെ മറുപടിയ്ക്ക്**

**എസ്.എൽ.ഐ പോളിസികളും പാസ്സ് ബുക്കും വിതരണം ചെയ്യാൻ നടപടി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.എം. സ്വരാജ്** | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം.തോമസ് ഐസക്** |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിൽ നിലവിൽ എത്ര എസ്.എൽ.ഐ പോളിസികൾ ഉണ്ടെന്ന് അറിയിക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിൽ നിലവിൽ 9,51,260 എസ്.എൽ.ഐ പോളിസികൾ നിലവിലുണ്ട്. |
| ബി | എസ്.എൽ.ഐ പോളിസികളിൽ ആദ്യ പ്രീമിയം ഒടുക്കിയിട്ട് നാളിതുവരെ പോളിസി സർട്ടിഫിക്കറ്റും പാസ്സ് ബുക്കും നൽകാത്ത എത്ര പോളിസികളുണ്ട് ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനു കീഴിൽ നിലവിൽ എസ്.എൽ.ഐ പോളിസികളിൽ പ്രീമിയം ഒടുക്കിയിട്ട് പോളിസി സർട്ടിഫിക്കറ്റും, പാസ്സ് ബുക്കും നൽകാത്ത 1,45,449 പോളിസികളുണ്ട്. |
| സി | സമയബന്ധിതമായി ഈ പോളിസികളും പാസ്സ് ബുക്കും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | പുതിയ പോളിസികൾ എടുക്കുന്നവരുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവും കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ജീവനക്കാരെ തന്നെ നിയോഗിക്കേണ്ടി വന്നതും എസ്.എൽ.ഐ. പോളിസി സർട്ടിഫിക്കറ്റും പാസ്സ് ബുക്കും നൽകുന്നതിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തി പാസ്ബുക്കും പോളിസി സർട്ടിഫിക്കറ്റുകളും പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| ഡി | എങ്കിൽ എന്നത്തേക്ക് ഇത് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ; | കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാകുന്ന മുറയ്ക്ക് ഈ കാലതാമസം ഒഴിവാകുന്നതാണ്. |
| ഇ | പ്രീമിയം ഒടുക്കുന്ന ദിവസം തന്നെ പോളിസികളും പാസ്സ് ബുക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാകുന്നതോടെ പ്രീമിയം ഒടുക്കുന്ന ദിവസം തന്നെ പാസ്ബുക്കും പോളിസി സർട്ടിഫിക്കറ്റുകളും പ്രിന്റ് ചെയ്ത് നൽകുവാൻ സാധിക്കും. |

അക്കൗണ്ട്സ് ഓഫീസർ